


## വിചിന്തനം

ഓഗസ്റ്റ് 2022

നമുക്ക് രൂപം നൽകുകയും സൃഷ്ടിക്കുകയും ചെയ്ത സൃഷ്ടാവ് തന്നെ നമ്മെ വ്യക്തിപരമായി പേര് ചൊല്ലി വിളിച്ചിരിക്കുന്നു. നമ്മുടെ കഴിവുകളും കുറവുകളും നന്നായി അറിയുന്ന കർത്താവു തന്നെ നാം അവിടുത്തെ സ്വന്തമാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു. ബൈബിളിലും വചനപ്രസംഗങ്ങളിലും നാം ഇത് അനേകം തവണ കേട്ടിട്ടുണ്ടെങ്കിലും, നമ്മുടെ മനസ്സിൽ സംശയവും ഭയവും പടർന്നു കയറുന്ന സമയങ്ങളില്ലേ? 'ഭയപ്പെടേണ്ട' എന്ന വാക്ക് 365 തവണ ബൈബിളിൽ ആവർത്തിക്കുന്നുണ്ടെങ്കിലും ശാന്തമാകാനും ആത്മവിശ്വാസമുറപ്പിക്കാനും അത് അപര്യാപ്തമാണെന്നു തോന്നിയ നിമിഷങ്ങളില്ലേ?. പലപ്പോഴും ഇത് നമ്മുടെയുള്ളിൽ നാം ആഴത്തിൽ പതിപ്പിച്ചുവച്ചിരിക്കുന്ന നമ്മുടെ സ്വന്തം പ്രതിച്ഛായ മൂലമാണ് - നമ്മുടെ ആത്മാഭിമാനം.

തങ്ങളെത്തന്നെ താഴ്ന്നവരായി കരുതുന്നവരെ ദൈവം തന്റെ പ്രവൃത്തിക്കായി തിരഞ്ഞെടുത്തുവെന്നത് നിഗൂഢവും ശ്രദ്ധേയവുമാണ്. തനിക്കു പകരം വേറെ ആരെയെങ്കിലും ദൈവികദൗത്യത്തിനായി തിരഞ്ഞെടുക്കണമെന്നു മോശ അപേക്ഷിക്കുന്നുണ്ട് (പുറപ്പാട് 4: 10 13). ജെറമിയ ആകട്ടെ ദൈവത്തിന്റെ വിളിയെ സ്വന്തം കുറവുകൾ നിരത്തിയാണ് തുടക്കത്തിൽ എതിർക്കുന്നത്. പക്ഷേ, രണ്ടുപേരും ദൈവികപദ്ധതിയുടെ സവിശേഷപാത്രങ്ങളായി മാറി. നമ്മിലൂടെ പ്രവർത്തിക്കാൻ കഴിയുമെന്ന് ദൈവം വിശ്വസിക്കുമ്പോഴും - നമ്മുടെ ഉള്ളിലുള്ള നമ്മുടെ സ്വന്തം പ്രതിച്ഛായ, കഴിവുകളേക്കാളുപരി കുറവുകളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതായി തോന്നിയിട്ടുണ്ടോ?

ആത്മാഭിമാനമെന്നത് ഒരു വ്യക്തിക്ക് തന്നെക്കുറിച്ചുള്ള അഭിപ്രായവും ഒരു വ്യക്തിയെന്ന നിലയിൽ സ്വയം നൽകുന്ന മൂല്യവുമാണ്. ആത്മാഭിമാനം രൂപപ്പെടുന്നതിൽ കുഞ്ഞുനാളിലെ അനുഭവങ്ങൾക്ക് നിർണായകമായ പങ്കുണ്ട്. അവഗണന, പ്രശംസയുടെയും സ്നേഹത്തിന്റെയും അഭാവം, നിരന്തരമായ കുറ്റപ്പെടുത്തലുകൾ, എത്തിപ്പിടിക്കാവുന്നതിലും ഉയർന്ന മാനദണ്ഡങ്ങൾ, പീഡനം ഇവയൊക്കെ കുരുന്നുമനസ്സുകളിൽ ദൂരവ്യാപകമായ വിപരീതഫലങ്ങൾ ഉണ്ടാക്കും.  പക്ഷേ, നാം പലപ്പോഴും തിരിച്ചറിയാത്ത ഒരു കാര്യം ആത്മാഭിമാനമെന്നത് ഒരഭിപ്രായം മാത്രമാണെന്നതാണ്. ഉയരവും വണ്ണവും പോലെ കൃത്യമായ അളവല്ല. അത് വളച്ചൊടിക്കപ്പെട്ടതാകാം, കൃത്യമല്ലാത്തതാകാം, ഒരു പക്ഷേ തീർത്തും തെറ്റാകാം. എന്നിരുന്നാലും, നിഷേധാത്മകമായ ആത്മാഭിമാനം ശക്തമായി ഉറപ്പിക്കപ്പെട്ടാൽ ഒരു വ്യക്തിയുടെ ജീവിതത്തിലെ എല്ലാ തലങ്ങളെയും അത് ബാധിക്കും. അത് ഒരു മനുഷ്യനെ അസന്തുഷ്ടനാക്കുക മാത്രമല്ല, പലതരം മാനസിക രോഗങ്ങളിലേക്കും നയിക്കും.

ചില ആളുകൾ ഊതിവീർപ്പിച്ച ആത്മാഭിമാനം ഉള്ളവരെന്നു തോന്നും. ഇവരുടെ ഉള്ളിന്റെയുള്ളിൽ മുറിവേറ്റതും ദുർബലവുമായ അഹമാണുള്ളതെന്നു പുറമേനിന്നു മനസ്സിലാകില്ല.
സ്വന്തം അരക്ഷിതാവസ്ഥ ഒളിപ്പിക്കാനുള്ള ഒരു ശ്രമമാണ് പുറമേ കാണിക്കുന്ന പൊങ്ങച്ചം. നമുക്കുള്ള നല്ല വാർത്തയെന്തെന്നാൽ ആത്മാഭിമാനം ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായമായതുകൊണ്ട് അത് മാറ്റിയെടുക്കാൻ സാധിക്കുമെന്നതാണ്.
ആത്മാഭിമാനം വർധിപ്പിക്കാനുള്ള ഒരു പ്രധാനപ്പെട്ട വഴി സ്വന്തം കഴിവുകളെ/ഗുണങ്ങളെ/നന്മകളെ ഓർത്തെടുത്ത് അതിൽ നന്ദിയുള്ളവരാകുക എന്നതാണ്. ആഴത്തിലുള്ള ദൈവാനുഭവത്തേക്കാളും അവിടുന്നറിഞ്ഞ് അനുഗ്രഹിച്ചു നൽകിയ നന്മകളേക്കാളും ഉപരിയായി എന്ത് നന്മയാണ് ഒരു ക്രിസ്ത്യാനിക്ക് ആശ്രയിക്കാനുള്ളത്?
ലോകത്തിന്റെ മാനദണ്ഡങ്ങളും സ്വയം നിർണയിച്ച മാനദണ്ഡങ്ങളുമനുസരിച്ചു തീരെ നിസ്സാരരായ, എന്നാൽ ദൈവീകപദ്ധതിയിൽ വിസ്മയകരമായ കാര്യങ്ങൾ ചെയ്ത വ്യക്തിത്വങ്ങളുടെ ഉദാഹരണങ്ങൾ ബൈബിളിൽ എത്രയധികം! ദാവീദെന്ന വെറും ബാലനായ ആട്ടിടയനും ഒരു സാധാരണ യുവാവായിരുന്ന ദാനിയേലും തങ്ങളുടെ ദൈവാശ്രയം കൊണ്ട് ഭാവനയ്ക്കതീതമായ കാര്യങ്ങൾ ചെയ്തു. യേശുവിന്റെ സുവിശേഷം പോലും ആദ്യം മറ്റുള്ളവരിലേക്ക് എത്തിച്ചത് മുക്കുവരും നികുതി പിരിക്കുന്നവരുമാണ്  - അക്കാലത്തെ ഏറ്റവും താഴ്ന്ന നിലവാരത്തിലുള്ള തൊഴിൽ ചെയ്തിരുന്നവർ.

യേശുവിനെ തള്ളിപ്പറഞ്ഞതിനുശേഷം പത്രോസിനു തന്നെപ്പറ്റിതന്നെ എന്തായിരിക്കും തോന്നിയിരിക്കുക, സ്വന്തം മൂല്യത്തെ അദ്ദേഹം എത്രമാത്രം താഴ്ത്തി ചിന്തിച്ചിട്ടുണ്ടാകാം. പക്ഷേ, യേശു പത്രോസിനെ നോക്കിയ രീതിയിൽ ഒരു വ്യത്യാസവും വന്നില്ല. യോഹന്നാന്റെ സുവിശേഷം 21 ാം അദ്ധ്യായം യേശു പത്രോസിനെ സ്വയം കണ്ടെത്താൻ സഹായിക്കുന്ന രംഗമാണ്. തന്റെ പരാജയങ്ങളുടെയും തെറ്റുകളുടെയും കണ്ണുകളിലൂടെയല്ല, മറിച്ചു തന്റെ ദൈവത്തിന്റെ കണ്ണുകളിലൂടെ നോക്കാൻ യേശു അവനെ സഹായിക്കുന്നു. തന്നെ നിരന്തരം കുത്തിമുറിവേൽപ്പിച്ചുകൊണ്ട്, തന്റെതന്നെ ഉള്ളിൽനിന്ന് ഉയരുന്ന ആത്മാനുകമ്പയുടെയും അയോഗ്യതയുടെയും  സ്വരങ്ങൾക്കു പകരം ആത്മാവിന് ഉന്മേഷവും പ്രസരിപ്പും ജീവനും പകരുന്ന ദൈവവചനത്തിലൂടെ സ്വയം കാണാൻ പത്രോസ് പഠിക്കുന്നു.

ഹവ്വാ വീണുപോയത് തെറ്റായ സ്വരത്തിനു കാതോർത്തതുകൊണ്ടാണ്. സത്യത്തിന്റെ സ്വരം കേൾക്കാൻ തീരുമാനിച്ചതുകൊണ്ടാണ് പത്രോസ് തന്റെ പരാജയത്തിന്റെ ചാരത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റത്. ഓരോ ഹൃദയത്തിലും സത്യത്തിന്റെയും നുണയുടെയും സ്വരങ്ങൾ നിരന്തരം നമ്മോടു സംസാരിക്കുന്നു. എന്നാൽ തിരഞ്ഞെടുപ്പ് നമ്മുടേതാണ്. കുരിശിലൂടെ ദൈവം നമുക്ക് നൽകിയ മഹത്വം മോഷ്ടിക്കാനും നശിപ്പിക്കാനുമുള്ള നിഷേധാത്മക സ്വരങ്ങൾക്കു കാതോർത്താൽ പരാജിത ജീവിതങ്ങൾ ജീവിക്കുന്നവരായി നാം മാറും. ദൈവത്തിന്റെ ദൃഷ്ടിയിൽ നമുക്കുള്ള യോഗ്യതയും അന്തസ്സും നമ്മോടു നിരന്തരം മന്ത്രിക്കുന്ന ദൈവസ്വരത്തിനു കാതോർത്താൽ വലിയ പ്രത്യാശയോടും ആനന്ദത്തോടും കൂടെ നാം ജീവിക്കും.  വി. ഇരണേവൂസ് ഒരിക്കൽ പറഞ്ഞു, 'ദൈവം മഹത്വപ്പെടുന്നത് മനുഷ്യൻ പൂർണതയിൽ ജീവിക്കുമ്പോഴാണ്'. അവിടുന്ന് നമ്മെ വീണ്ടെടുത്തു, സ്വന്തമാക്കി, നമ്മെപ്രതിയുള്ള തന്റെ വിജയത്തിന്റെ വെളിച്ചത്തിൽ ജീവിതം പൂർണതയിൽ ജീവിക്കാൻ നമ്മെ വിളിക്കുന്നു. ഈ അനുഗ്രഹീത സത്യം നമുക്ക് എല്ലായ്പ്പോഴും നമ്മോടു തന്നെ പ്രഖ്യാപിക്കാൻ കഴിയുമോ? ദൈവത്തിനു നാമാരാണെന്ന സത്യം നമ്മുടെ ആന്തരികമനുഷ്യനിൽ കിനിഞ്ഞിറങ്ങുന്നതനുസരിച്ചു നമ്മുടെ ആത്മാഭിമാനം സാവധാനം വളരും. ഈ അവബോധത്തിനു നമ്മുടെ എല്ലാ വൈകാരിക മുറിവുകളെയും ഉണക്കാൻ കഴിയും. ഭൂതകാലത്തിന്റെ ഓർമകളും പാടുകളും അവശേഷിച്ചാലും ജീവിതത്തിൽ മുന്നോട്ടു പോകുന്നതിൽനിന്ന് ദൈവം നമ്മെ എന്തായിരിക്കാൻ വിളിച്ചിരിക്കുന്നുവോ അതാകുന്നതിൽ നിന്ന് അവ നമ്മെ തടസ്സപ്പെടുത്തില്ല.

......

ഡോ. അബീഷ് ആന്റണി
സൈക്യാട്രിസ്റ്റ്, ഭാര്യയും അഞ്ചുകുട്ടികളുമായി ഓസ്ട്രേലിയയിലെ പെർത്തിൽ താമസിക്കുന്നു. 2000 മുതൽ ജീസസ് യൂത്തിൽ സജീവം. നിലവിൽ ഫോർമേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.